# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi to participate in valedictory session of Departmental Summit on Women and Child Development in New Delhi today.**

2. ഷെഡ്യൂൾഡ് പട്ടികയിൽ ഉൾപ്പെടാത്ത അർബുദ മരുന്നുകളുടെ ലാഭവിഹിതത്തിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രസർക്കാർ.

   **Government caps trade margins on non-scheduled anti-cancer drugs at 30 percent of MRP; Prices may fall by up to 70 percent.**

3. മൂന്ന് സംസ്ഥാനങ്ങളിലെ അഞ്ച് മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ടിവികെയും, പശ്ചിമബംഗാളിൽ ബിജെപിയും മുന്നിൽ. പുതുച്ചേരിയിലെ തട്ടഞ്ചാവടി മണ്ഡലത്തിൽ ആൾ ഇന്ത്യ എൻ ആർ കോൺഗ്രസിന് വിജയം.

In the by-elections held in five constituencies across three states, TVK is leading in Tamil Nadu and the BJP in West Bengal. The All India N.R. Congress has won the Thattanchavady constituency in Puducherry.

4. ലോക തപാൽ ദിനത്തിൽ ആശംസകൾ നേർന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. കേരളത്തിലെ 6 കോർപ്പറേഷനുകളെ ബന്ധിപ്പിച്ച് നടപ്പാക്കുന്ന അഷ്വേർഡ് നെക്സ്റ്റ് ഡേ ഡെലിവറി സേവനത്തിന് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ അമിതാഭ് സിംഗ് തുടക്കം കുറിച്ചു.

Union Minister Jyotiraditya Scindia has extended greetings on World Post Day. Chief Postmaster General Amitabh Singh has launched the Assured Next Day Delivery service, connecting six municipal corporations in Kerala.

5. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കം

The second session of the 16th Kerala Legislative Assembly will begin on Monday.

6. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന്.

The second match of the India–West Indies T20 cricket series will be played today.

ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സഹകരണ ഫെഡറലിസം ശക്തിപ്പെടുത്തുക, ദേശീയ മുൻഗണനകളിൽ കൂട്ടായ ഉത്തരവാദിത്തബോധം വളർത്തുക, കേന്ദ്ര-സംസ്ഥാന സഹകരണം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രധാനമന്ത്രി വിഭാവനം ചെയ്ത വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ രണ്ടാമത്തേതാണിത്. ഇന്നലെ ആരംഭിച്ച ദ്വിദിന ഉച്ചകോടിയിൽ, എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. അംഗൻവാടി കേന്ദ്രങ്ങളെ പുനർവിഭാവനം ചെയ്യൽ, കുട്ടികളുടെ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തൽ, സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കൽ തുടങ്ങിയവ കേന്ദ്രീകരിച്ചുള്ള ചർച്ചകളാണ് ഉച്ചകോടിയിൽ നടക്കുന്നത്.

## GOVT- CANCER DRUGS

ഷെഡ്യൂൾഡ് പട്ടികയിൽ ഉൾപ്പെടാത്ത അർബുദ പ്രതിരോധ മരുന്നുകൾക്ക് ഈടാക്കാവുന്ന ലാഭവിഹിതത്തിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രസർക്കാർ . പരമാവധി വിൽപന വിലയുടെ 30 ശതമാനമായി ലാഭവിഹിതം പരിമിതപ്പെടുത്താനാണ് നിർദ്ദേശം. ഇതുവഴി മരുന്നുകളുടെ വില 70 ശതമാനം വരെ കുറയും. അർബുദ ചികിത്സാ ചിലവ് രോഗബാധിതർക്കുണ്ടാക്കുന്ന ഭീമമായ ബാധ്യത കണക്കിലെടുത്താണ് നടപടി. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസിന്റെ കീഴിലുള്ള വിദഗ്ധ സമിതി, മരുന്നുകളുടെ പട്ടിക അന്തിമമാക്കുന്നതോടെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിക്കും.

## SITHARAMAN SINGAPORE

ധനമന്ത്രി നിർമ്മല സീതാരാമൻറെ മൂന്ന് ദിവസത്തെ സിംഗപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ത്യ- സിംഗപ്പൂർ സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതും, നിക്ഷേപം വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ടാണ് സന്ദർശനം. സിംഗപ്പൂർ പ്രസിഡൻറ് , പ്രധാനമന്ത്രി എന്നിവരുമായി ധനമന്ത്രി കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, നൈപുണ്യ വികസനം തുടങ്ങിയവ കേന്ദ്രീകരിച്ചായിരിക്കും ചർച്ചകൾ . ഇന്ത്യയിലെ നിക്ഷേപ സാധ്യതകൾ വിശദമാക്കുന്നതിനായി, ആഗോള നിക്ഷേപകരുമായും വ്യവസായ പ്രമുഖരുമായും ധനമന്ത്രി കൂടിക്കാഴ്ച നടത്തും.

## SCINDIA WORLD POST DAY (INTRO)

നിസ്വാർത്ഥസേവനങ്ങളാണ് തപാൽ വകുപ്പ് രാജ്യത്ത് നൽകി വരുന്നതെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ലോക തപാൽ ദിനത്തിൽ എല്ലാ 'ഡാക് സേവക്'മാർക്കും അദ്ദേഹം ആശംസകൾ നേർന്നു. തപാൽ സേവനമെന്നത് ജനസേവനം തന്നെയാണെന്നും ഡിജിറ്റൽ ആശയവിനിമയത്തിന്റെ കാലഘട്ടത്തിൽ, തപാൽ വകുപ്പും മാറ്റങ്ങളിലേക്ക് കടന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

*(ഹോൾഡ് വോയ്സ്..)*

## NATIONAL POSTAL WEEK

ലോക തപാൽ ദിനാഘോഷങ്ങളുടെയും ദേശീയ തപാൽ വാരാഘോഷത്തിന്റെയും ഭാഗമായി കേരളത്തിലെ 6 കോർപ്പറേഷനുകളെ ബന്ധിപ്പിച്ച് നടപ്പാക്കുന്ന അഷ്വേർഡ് നെക്സ്റ്റ് ഡേ ഡെലിവറി സേവനത്തിന് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ അമിതാഭ് സിംഗ് തുടക്കം കുറിച്ചു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ പോസ്റ്റ് ഓഫീസുകൾക്കിടയിൽ ബുക്ക് ചെയ്യു സ്പീഡ്

പോസ്റ്റ് പാഴ്സലുകളും സ്പീഡ് പോസ്റ്റ് രേഖകളും അടുത്ത പ്രവൃത്തി ദിവസം ലഭ്യമാക്കുന്നതാണ് പദ്ധതി. തപാൽ വകുപ്പ് ഏറ്റവും കൂടുതൽ പാഴ്സൽ കൈകാര്യം ചെയ്യുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ചടങ്ങിൽ പറഞ്ഞു.

## COUNTING OF VOTES

തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും അസമിലെ ഒരു ലോക്സഭാ മണ്ഡലത്തിലേക്കും നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. പുതുച്ചേരിയിലെ തട്ടഞ്ചാവടി മണ്ഡലത്തിൽ ഭരണകക്ഷിയായ ആൾ ഇന്ത്യ എൻ ആർ കോൺഗ്രസിൻറെ സ്ഥാനാർത്ഥി അശോക് ആനന്ദ് 8,482 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. തമിഴ്നാട്ടിലെ മധുരാന്തകം, ധാരാപുരം മണ്ഡലങ്ങളിൽ ടിവികെ ആണ് ലീഡ് ചെയ്യുന്നത്. പശ്ചിമ ബംഗാളിലെ റെജിനഗർ, നന്ദിഗ്രാം മണ്ഡലങ്ങളിൽ ബിജെപിയാണ് മുന്നിലെത്തിയിരിക്കുന്നത് . അസമിലെ നാഗോൺ മണ്ഡലത്തിലും ബിജെപി ലീഡ് ചെയ്യുകയാണ്.

## NIAYAMASABHA (intro)

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഈ മാസം 29 വരെ നീളുന്ന സമ്മേളനത്തിൽ ഒൻപത് ദിവസമാണ് സഭ ചേരുകയെന്നും സ്പീക്കർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഉപധനാഭ്യർഥനകൾ ധനവിനിയോഗ ബില്ലുകൾ തുടങ്ങിയവ സമ്മേളന കാലയളവിൽ സഭ പരിഗണിക്കും.

*(ഹോൾഡ് വോയ്സ്.)*

## HIGH COURT - CMRL - EXALOGIC

സിഎംആർഎൽ - എക്സാലോജിക് കേസിൽ പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മകൾ വീണ, മരുമകനും, മുൻമന്ത്രിയുമായ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഹൈക്കോടതി നിർദ്ദേശം. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം കൂടാതെ തന്നെ സംസ്ഥാന പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരാണോ എന്ന നിയമവശമാണ് കോടതി പ്രധാനമായും പരിഗണിച്ചത്. നിലവിലെ സാഹചര്യത്തിൽ പ്രാഥമിക അന്വേഷണത്തിന്റെ ആവശ്യമില്ലെന്നും എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്നുമാണ് ഇഡിയും ഹർജിക്കാരനും വാദിച്ചത്.

## PM 25 YEARS - SPACE SECTOR(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ബഹിരാകാശ രംഗത്ത് രാജ്യം കൈവരിച്ച സുപ്രധാന നേട്ടങ്ങളെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്.

*വിശദാംശങ്ങളിലേക്ക്....*

*ബഹിരാകാശ രംഗത്ത് ആഗോള സ്വീകാര്യതയുള്ള സാങ്കേതിക മുന്നേറ്റത്തിലൂടെ ശ്രദ്ധേയമായ നേട്ടങ്ങളാണ് ഇന്ത്യ കൈവരിച്ചിട്ടുള്ളത്. സാറ്റലൈറ്റ്, ചാന്ദ്ര ദൗത്യങ്ങൾക്ക് പുറമേ, ചൊവ്വ, സൗരമണ്ഡലം എന്നിവ കേന്ദ്രീകരിച്ചുള്ള ദൗത്യങ്ങളും ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയിൽ ഉൾപ്പെടുന്നു. സ്വയംപര്യാപ്തതയും, ശേഷി വികസനവും ലക്ഷ്യമിട്ടുള്ള നിരവധി പരിപാടികളാണ് ഈ മേഖലയിൽ*

*നടപ്പാക്കുന്നത്. ബഹിരാകാശ രംഗത്ത് 440-ഓളം സ്റ്റാർട്ടപ്പുകളാണ് നിലവിൽ രാജ്യത്ത് പ്രവർത്തിക്കുന്നത്. ബഹിരാകാശ മേഖലയിലെ സ്വകാര്യ നിക്ഷേപം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആറ് മടങ്ങ് വർദ്ധിച്ചതും ഏറെ ശ്രദ്ധേയമാണ്.*

*ന്യൂസ് ഡസ്ക്, ആകാശവാണി ....*

## RAJNATH- TERRITORIAL ARMY

ടെറിട്ടോറിയൽ ആർമി സ്ഥാപക ദിനത്തിൽ ആശംസകൾ നേർന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് . അർപ്പണബോധത്തോടെ രാജ്യത്തെ സേവിക്കാനുള്ള പൗരന്മാരുടെ ദൃഢനിശ്ചയത്തെ ടെറിട്ടോറിയൽ ആർമി അന്വർത്ഥമാക്കുന്നുവെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

## CRICKET IND VS WI

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന്. റാഞ്ചിയിൽ വൈകിട്ട് 7 മണിക്കാണ് കളി ആരംഭിക്കുക. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു വിജയം.

## HOUTHIS- SAUDI ATTACK

സൗദി അറേബ്യയിലെ വിമാനത്താവളങ്ങളും സൈനിക കേന്ദ്രങ്ങളും ലക്ഷ്യമിട്ട് വീണ്ടും മിസൈൽ ആക്രമണം നടത്തി യമനിലെ ഹൂതി വിമതർ . റിയാദിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളം, നജ്റാൻ വിമാനത്താവളം, ഖമീസ് മുഷൈതിലെ വ്യോമസേനാ താവളം

എന്നിവിടങ്ങളിലാണ് ഇന്നലെ ആക്രമണം ഉണ്ടായത്. മൂന്ന് ബാലിസ്റ്റിക് മിസൈലുകൾ സൗദി വ്യോമപ്രതിരോധ സംവിധാനം തകർത്തതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. എയർ ഇന്ത്യ, ഇൻഡിഗോ, ആകാശ എയർ ഉൾപ്പെടെ പ്രമുഖ വിമാനക്കമ്പനികൾ റിയാദിലേക്കുള്ള സർവീസ് താൽക്കാലികമായി നിർത്തിവച്ചു. സൗദിയിലെ വിമാനത്താവളങ്ങൾക്ക് നേരെയുണ്ടായ ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു. സൗദിയിലെ ഇന്ത്യൻ പൗരന്മാർക്ക് റിയാദ് എംബസി ജാഗ്രതാ നിർദ്ദേശം നൽകി. അധികൃതരുടെ നിർദ്ദേശങ്ങൾ പ്രവാസികൾ കൃത്യമായി പാലിക്കണമെന്നും, ആവശ്യമെങ്കിൽ വീടുകളിൽ തന്നെ തുടരണമെന്നും എംബസി വ്യക്തമാക്കി.

## US- GREEN CARDS SUSPENSION

ഇന്ത്യൻ കമ്പനികളായ ഇൻഫോസിസ്, TCS, വിപ്രോ, HCL എന്നിവയുൾപ്പെടെ എട്ട് പ്രമുഖ സാങ്കേതികവിദ്യാ, ഔട്ട്സോഴ്സിങ് കമ്പനികളുടെ തൊഴിൽ അധിഷ്ഠിത ഗ്രീൻ കാർഡ് നടപടികൾക്ക് വിലക്കേർപ്പെടുത്തി അമേരിക്ക. COGNIZANT, CAP GEMINI, MICROSOFT, ADOBE., എന്നീ കമ്പനികളും ഇതിൽ ഉൾപ്പെടുന്നു. കമ്പനികൾക്കെതിരെ ഫെഡറൽ അന്വേഷണങ്ങൾ തുടരുന്നതിനിടെയാണ് നടപടി. കുറഞ്ഞ വേതനത്തിൽ വിദേശ തൊഴിലാളികളെ നിയമിച്ച് അമേരിക്കൻ തൊഴിലാളികളെ മാറ്റിനിർത്താൻ കമ്പനികൾ പെർമനന്റ് ലേബർ സർട്ടിഫിക്കേഷൻ സംവിധാനം ഉപയോഗിക്കുന്നതായി വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് പറഞ്ഞു. അതേസമയം, ആരോപണങ്ങൾ മൈക്രോസോഫ്റ്റ് നിഷേധിച്ചു.

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം തുടരുന്നു. സെൻസെക്സ് 802 പോയിൻ്റും നിഫ്റ്റി 262 പോയിൻ്റും നേട്ടത്തിലാണ്

വ്യാപാരം തുടരുന്നത്.സ്വർണ വിലയിൽ വർധന. പവന് 840 രൂപ കൂടി ഒരു ലക്ഷത്തി 10,520 രൂപയും ഗ്രാമിന് 13,815 രൂപയുമാണ് ഇന്നത്തെ വില.